ഒൻപതാം ശമ്പള കമ്മീഷൻ നിർദ്ദേശങ്ങളിലെ അപാകതകൾ പരിഹരിക്കാൻ നടപടി

170 (184) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ശമ്പള കമ്മീഷൻ നിർദ്ദേശങ്ങളിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ബി) അപാകതകൾ പരിഹരിച്ച് ശമ്പള കമ്മീഷൻ റിപ്പോർട്ട് എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് പരിശോധിച്ച് താമസംവിനാ നടപ്പാക്കുന്നതാണ്.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്

171 (185) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി നിയോഗിക്കപ്പെട്ട 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോപ്പി ലഭ്യമാക്കുന്നു. ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിലും (www.finance.gov.kerala.in) ലഭ്യമാണ്.

9-ാം ശമ്പളകമ്മീഷനിൽ ഹയർസെക്കന്ററി അദ്ധ്യാപക (സീനിയർ)-രുടെ ശമ്പള സ്കെയിൽ

172 (186) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പള കമ്മീഷൻ സമർപ്പിച്ച പരിഷ്ക്കരണ നിർദ്ദേശത്തിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ (സീനിയർ) ശമ്പള സ്കെയിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly